## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *222** **06.02.2018-ന് മറുപടിയ്ക്ക്**

### വനസംരക്ഷണത്തിനായി ശാസ്ത്രീയ ജാഗ്രതാസംവിധാനം

**ചോദ്യം**

ശ്രീ. വി.പി.സജീന്ദ്രൻ
ശ്രീ. വി.ഡി.സതീശൻ
ശ്രീ. പി.ടി. തോമസ്
ശ്രീ. ഹൈബി ഈഡൻ

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനസംരക്ഷണത്തിനായി ശാസ്ത്രീയ ജാഗ്രതാസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ജി.പി.എസ്., വനസംരക്ഷണത്തിനായി ജി.ഐ.എസ്., വയർലെസ്സ്, ക്യാമറ ട്രാപ്, ഫയർ അലർട്ട് തുടങ്ങിയ ശാസ്ത്രീയ ജാഗ്രതാസംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ ഗൗരവതരമായ കുറ്റകൃത്യങ്ങളിൽ പോലീസ് സഹായത്തോടെ കുറ്റകൃത്യം നടന്ന സ്ഥലത്തെ മൊബൈൽ ടവർ വിവരങ്ങൾ പ്രതികളെ കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്. ഉൾവനങ്ങളിലെ ആശയവിനിമയം സുഗമമാക്കുന്നതിനായി വയർലെസ്സ് സംവിധാനം ഉപയോഗിക്കുന്നുണ്ട്. മറ്റു പ്രദേശങ്ങളിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി സംരക്ഷണവിഭാഗം ജീവനക്കാർക്ക് ഔദ്യോഗിക മൊബൈൽ സിംകാർഡുകൾ നൽകിയിട്ടുണ്ട്. നിലവിൽ വനസംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പട്രോളിംഗ്, സംയോജിത പരിശോധനകൾ, രാത്രികാല പരിശോധന, വനാന്തരങ്ങളിൽ ക്യാമ്പുചെയ്തുകൊണ്ടുള്ള പട്രോളിംഗ് ഓപ്പറേഷനുകൾ, റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം മുതലായവ കൂടുതൽ കാര്യക്ഷമമായി ഉപയോഗിച്ചു വരുന്നു. വനസംരക്ഷണവിഭാഗം ജീവനക്കാരും താൽക്കാലിക വാച്ചർമാരും ഉൾപ്പെടുന്ന സംഘം മികച്ച രീതിയിൽ വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകൾ നിർമ്മിച്ച് വനഭൂമിയെ സ്വകാര്യ ഭൂമിയിൽ നിന്നും വേർതിരിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ പോലുള്ള സർവ്വേ ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്. |
| (ബി) | ഇതുമൂലം വനംകൊള്ള തടയുന്നതിനും വനവിഭവങ്ങളുടെ സംരക്ഷണത്തിനും കഴിഞ്ഞിട്ടുണ്ടോ; | (ബി) | കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2017-ൽ വനം കൊള്ളയുടെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; | (സി) | 2017-ൽ വനം കൊള്ളയുടെ പേരിൽ 543 കേസുകൾ രജിസ്റ്റർ ചെയ്തു. |
| (ഡി) | വനസംബന്ധമായ കേസുകളിൽ കുറ്റക്കാർ ശിക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | വനസംബന്ധമായ കേസുകളിൽ കുറ്റക്കാർ ശിക്ഷിക്കപ്പെട്ടുമെന്ന് ഉറപ്പ് വരുത്തുന്നതിന് കാര്യക്ഷമമായ രീതിയിൽ അന്വേഷണം നടത്തി ആവശ്യമായ തെളിവുകൾ സഹിതം കുറ്റപത്രം കോടതിയിൽ സമർപ്പിക്കുകയും വിചാരണ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**